9633
26/4/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - സാമൂഹ്യ വനവൽക്കരണം - വ്യക്തികൾ /പൊതു സ്ഥാപനങ്ങൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ / സർക്കാരിതര സംഘടനകൾ/ മാധ്യമ സ്ഥാപനങ്ങൾ/ മതസ്ഥാപനങ്ങൾ മുതലായവയ്ക്ക് - വിതരണം ചെയ്യുന്ന തൈകളുടെ നിരക്ക് പുതുക്കി നിശ്ചയിച്ച് - ഉത്തരവാകുന്നു.

---

**വനം വന്യജീവി (ഇ) വകുപ്പ്**

സ.ഉ (സാധാ) നം. 159/2017/വനം തിരുവനന്തപുരം ,തീയതി , 22.04.2017

---

പരാമർശം :- 1) സർക്കാർ ഉത്തരവ് (കൈ) നം. 10/2009/വ.വ.ജീ.വ തീയതി 5.2.2009.
2) സർക്കാർ ഉത്തരവ് (സാധാ) നം. 248/2010/വ.വ.ജീ.വ തീയതി 2.6.2010
3) സർക്കാർ ഉത്തരവ് (സാധാ) നം. 16/2015/വ.വ.ജീ.വ തീയതി 16..1.2015.
4) സർക്കാർ ഉത്തരവ് (സാധാ) നം. 207/2016/വ.വ.ജീ.വ തീയതി 3.6.2016.
5) സാമൂഹ്യ വനവൽക്കരണ വിഭാഗം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററുടെ 21.3.2017 ലെ എസ്.എ.2-62937/2016 നമ്പർ കത്ത്.

## ഉത്തരവ്

" ആഗോളതാപനം നേരിടുന്നതിന് ഏകപ്രതിവിധി വനവൽക്കരണം " എന്ന മുദ്രാവാക്യമുയർത്തി നിർദ്ദിഷ്ട വനമേഖലയ്ക്ക് പുറത്ത് മറ്റൊരു ഹരിതമേലാപ്പ് സൃഷ്ടിച്ചെടുക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2009 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ, മാധ്യമ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന പരിപാടിയാണ് 'ഹരിത കേരളം പദ്ധതി'.

ഹരിതകേരളം പദ്ധതിയ്ക്കാവശ്യമായ തൈകൾ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വളർത്തിയെടുത്ത്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സൗജന്യമായും ഇതര സംഘടനകൾക്ക് സഹായനിരക്കിലും പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്തുവരുന്നു. തൈകളുടെ ഉൽപ്പാദന സംരക്ഷണച്ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ ലഭിക്കുന്ന സഹായവില അപര്യാപ്തമാണെന്നും നിലവിലെ ഉല്പാദന പരിപാലന ചെലവുകളുമായി സമരസപ്പെട്ടുപോകുന്ന തരത്തിൽ തൈകളുടെ വിതരണ വില പരിഷ്ക്കരിച്ച് നൽകണമെന്നും പരാമർശം 5 മുഖേന സാമൂഹ്യ വൽക്കരണ വിഭാഗം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അവശ്യപ്പെട്ടു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തേക്ക് നടീൽക്കമ്പിനും എല്ലാ വിധ തൈകൾക്കും താഴെ കൊടുക്കുന്ന രീതിയിൽ വിൽപ്പന വില നിർണയിച്ച് ഉത്തരവാകുന്നു.

| ഏജൻസി | തേക്ക് തൈ നടീൽ കമ്പ്(TEAK STUMPS ) (1 ന് വില രൂപയിൽ) | ചെറിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ(SMALL BASKETED SEEDLINGS) (1 ന് വില രൂപയിൽ) | വലിയ കൂടയിൽ വളർത്തിയെടുത്ത തൈകൾ (BIG BASKETED SEEDLINGS)(1 ന് വില രൂപയിൽ) |
|---|---|---|---|
| സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ | സൗജന്യം | സൗജന്യം | വിതരണം ചെയ്യില്ല |
| സർക്കാർ സ്ഥാപനങ്ങൾ,/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ,/യുവജന സംഘടനകൾ /മതസ്ഥാപനങ്ങൾ/സർക്കാരിതര സംഘടനകൾ/ മാധ്യമ സ്ഥാപനങ്ങൾ | 7/- | 17/- | 45/- |
| സ്വകാര്യ വ്യക്തികൾ | 7/- | 17/- | 45/- |

സാമൂഹ്യ വനവൽക്കരണ വിഭാഗം വളർത്തിയെടുത്ത തൈകൾ ലോക പരിസ്ഥിതി ദിനമായ ജൂൺ 5 മുതൽ മേൽ നിരക്കിൽ വിതരണം ചെയ്യേണ്ടതും പരാമർശ ഉത്തരവുകളിൽ പറയും പ്രകാരമുള്ള അക്കൗണ്ടിംഗ് രീതി തുടരേണ്ടതുമാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എച്ച്.നജീബ്**
**ഡെപ്യൂട്ടി സെക്രട്ടറി**

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്) തിരുവനന്തപുരം
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സോഷ്യൽ ഫോറസ്ട്രി) തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (പ്രസിദ്ധീകരണത്തിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ